# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3286** **08.11.2019 ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന വിവിധ കാർഷിക പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി | ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാർഷിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യം വെച്ച് ബാലുശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാർഷിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യം വച്ച് ബാലുശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| ബി) കേരഗ്രാമം പദ്ധതിയിലൂടെ എന്തെല്ലാം ആനുകൂല്യങ്ങളാണ് മണ്ഡലത്തിലെ കേര കർഷകർക്ക് ലഭിച്ചിട്ടുള്ളത്; ഈ ആനുകൂല്യങ്ങൾ ഓരോ പഞ്ചായത്തിലും എത്ര കർഷകർക്ക് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | ബി) കേരഗ്രാമം പദ്ധതിയിലൂടെ ജൈവവളം, കുമ്മായം, ഉത്പാദനക്ഷമത കുറഞ്ഞ തെങ്ങ് വെട്ടിമാറ്റുന്നതിനുള്ള ധനസഹായം, തെങ്ങിൻതൈ വിതരണം, തെങ്ങ് തടംതുറന്ന് ഇട കിളയ്ക്കുന്നതിനുള്ള ധനസഹായം, ഇടവിള കൃഷി, ജലസേചനത്തിന് പമ്പ്സെറ്റ് വിതരണം, ജൈവവള നിർമ്മാണ യൂണിറ്റിനുള്ള സഹായം എന്നീ ആനുകൂല്യങ്ങളാണ് കേരകർഷകർക്ക് ലഭിച്ചിട്ടുള്ളത്. ബാലുശ്ശേരി, ഉണ്ണികുളം എന്നീ പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ബാലുശ്ശേരി പഞ്ചായത്തിൽ 1316 കർഷർക്കും ഉണ്ണികുളം പഞ്ചായത്തിൽ 1228 കർഷകർക്കുമാണ് ഈ ആനുകൂല്യങ്ങൾ ലഭിച്ചിട്ടുള്ളത്. |
| സി) ഈ സർക്കാർ വന്നതിനുശേഷം നെൽകൃഷി മെച്ചപ്പെടുത്തുന്നതിനായി മണ്ഡലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | സ) സംസ്ഥാനാവിഷ്കൃത പദ്ധതികൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ വികേന്ദ്രീകൃതാസൂത്രണം വഴി നടപ്പിലാക്കുന്ന പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കി വരുന്നു.<br>നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം സുസ്ഥിര നെൽകൃഷി വികസനത്തിനു |

ഹെക്ടറൊന്നിനു 5500 രൂപയും, കരനെൽ കൃഷിക്ക് 13600 രൂപയും, ഒരുപ്പൂ കൃഷി ഇരുപ്പൂവാക്കുന്നതിനു ഹെക്ടറൊന്നിനു 10000/- രൂപയും ധനസഹായമായി നൽകിവരുന്നു. തരിശ് നിലത്തിലെ കൃഷിക്ക് ഹെക്ടറൊന്നിനു ഒന്നാം വർഷം 30000 രൂപയും രണ്ടാം വർഷം 7000 രൂപയും മൂന്നാം വർഷം 4500 രൂപയുമാണു ധനസഹായം നൽകുന്നത്. നെല്ലിനു കുമ്മായ വസ്തുക്കൾ നൽകുന്നതിനു 5400 രൂപയും സൂക്ഷ്മമൂലകങ്ങൾ നൽകുന്നതിനു 500 രൂപയും ധനസഹായം നൽകുന്നു. പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു ഗ്രൂപ്പ് ഫാമിങ് സമിതികൾക്ക് ഹെക്ടറിനു 360 രൂപ എന്ന നിരക്കിൽ പ്രവർത്തന ധനസഹായം നൽകുന്നുണ്ട്.

നെൽ കർഷകർക്ക് ഉൽപാദന ബോണസായി ഹെക്ടറിന് 1000 രൂപ നൽകി പദ്ധതി നടപ്പിലാക്കി വരുന്നു. നെൽ കൃഷിക്ക് ഭൂപരിധിയില്ലാതെ ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന വികേന്ദ്രീകൃതാസൂത്രണ പദ്ധതികൾ പ്രകാരം കൂലിച്ചിലവ് സബ്സിഡി 17500 രൂപ വരെ നൽകാൻ കഴിയും. നെൽ വിത്ത് പൂർണ്ണമായും സൗജന്യമായി നൽകുന്നു.

നെൽകൃഷിയുടെ വികസനത്തിനായി കേന്ദ്ര സർക്കാർ സഹായത്തോടെ ആർ കെ വി വൈ പദ്ധതിയിലെ 'Productivity Improvement of Paddy in Kerala' എന്ന ഘടകവും നടപ്പിലാക്കി വരുന്നു. ഇതുപ്രകാരം കുമ്മായവസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1000 രൂപയും, സൂക്ഷ്മ മൂലക വളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും, സംയോജിത കീട നിയന്ത്രണത്തിന് 500 രൂപയും, യന്ത്രവൽക്കരണത്തിന് ഹെക്ടറിന് 1500 രൂപയും ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പരമാവധി 3500 രൂപയുടെ ധനസഹായം നൽകുന്നു.

Mayp

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

**2016-17**

| ക്രമ നം. | പദ്ധതിയുടെ പേര് | ഭൗതിക നേട്ടം | ചിലവഴിച്ച തുക |
|---|---|---|---|
| 1 | നെൽകൃഷി വികസനം | 332.4 ഹെ | 1309940 |
| 2 | ജൈവകൃഷി വികസനം | | 305000 |
| 3 | മോഡേണൈസേഷൻ ഓഫ് ലാബ് | | 4000 |
| 4 | ആരോഗ്യ വിള പരിപാലനം | | 1233967 |
| 5 | സുഗന്ധവിള വികസനം | 5 ഹെ | 37500 |
| 6 | പരമ്പരാഗത കൃഷി വികാസ് യോജന | 38.8 ഹെ | 988200 |
| 7 | കാർഷിക ശാക്തീകരണം | | 1013862 |
| 8 | അഗ്രോ സർവീസ് സെന്റർ & സർവീസ് ഡെലിവറി | | 67010 |
| 9 | കർഷക പെൻഷൻ | 5702 | 24669800 |
| 10 | സൗജന്യ വൈദ്യുതി | 431 | 374414 |
| 11 | പച്ചക്കറി വികസനം | | 2808400 |
| 12 | മണ്ണ്-വിള ആരോഗ്യ പരിപാലനം | 400 ഹെ | 218000 |
| 13 | ഓണസമൃദ്ധി | 8 എണ്ണം | 390000 |
| 14 | പ്രകൃതിക്ഷോഭം | | 3710925 |
| 15 | കേരസമൃദ്ധി | | 181820 |
| 16 | ഇൻഷുറൻസ് പ്രീമിയം | | 6000 |
| 17 | പരമ്പരാഗത കൃഷി വികാസ് യോജന | 1.2 ഹെ | 12000 |
| 18 | പരമ്പരാഗത കൃഷി വികാസ് യോജന | | 12000 |
| 19 | ബയോഗ്യാസ് | 22 എണ്ണം | 198000 |
| 20 | ബയോഗ്യാസ് (ടേൺ കീ) | 22 എണ്ണം | 35000 |
| 21 | നെല്ല് ഉൽപാദന ബോണസ് | 100 ഹെ | 100000 |
| 22 | ആർ കെ വി വൈ നെൽകൃഷി | 250ഹെ | 1125000 |
| 23 | ആർ കെ വി വൈ ജാതി കൃഷി | 2 ഹെ | 40000 |

**2017-18**

| ക്രമ നം. | പദ്ധതിയുടെ പേര് | ഭൗതിക നേട്ടം | ചിലവഴിച്ച തുക |
|---|---|---|---|
| 1 | നെൽകൃഷി വികസനം | 354 ഹെ | 2018081 |
| 2 | തെങ്ങ് വികസനം | 8 | 368015 |
| 3 | ജൈവകൃഷി വികസനം | 25 ഹെ | 79000 |
| 4 | മോഡേണൈസേഷൻ ഓഫ് ലാബ് | | 27000 |
| 5 | ആരോഗ്യ വിള പരിപാലനം | 1 | 764790 |
| 6 | സുഗന്ധവിള വികസനം | 10 ഹെ | 170000 |
| 7 | കാർഷിക യന്ത്രവല്ക്കരണ ഉപ പദ്ധതി | 17 | 316891 |
| 8 | കാർഷിക ശാക്തീകരണം | | 151641 |
| 9 | പയറു വികസനം | 6 ഹെ | 60000 |
| 10 | അഗ്രോ സർവീസ് സെന്റർ & സർവീസ് ഡെലിവറി | | 130900 |
| 11 | കർഷക പെൻഷൻ | 4221 പേർ | 79259600 |
| 12 | സൗജന്യ വൈദ്യുതി | 251 പേർ | 374116 |
| 13 | പച്ചക്കറി വികസനം | | 4049280 |
| 14 | മണ്ണ്-വിള ആരോഗ്യ പരിപാലനം | 400 ഹെ | 321500 |
| 15 | ഓണസമൃദ്ധി | | 420000 |
| 16 | പ്രകൃതിക്ഷോഭം | | 1664944 |
| 17 | ടെലഫോൺ ചാർജ്ജ് | | 4000 |
| 18 | ആഴ്ച ചന്ത | 3 എണ്ണം | 300000 |
| 19 | നെല്ല് ഉൽപാദന ബോണസ് | 410 ഹെ | 410000 |
| 20 | തെങ്ങ് വികസന ബോർഡ് പദ്ധതികൾ | 55 ഹെ | 2779000 |

**2018-19**

| ക്രമ നം. | പദ്ധതിയുടെ പേര് | ഭൗതിക നേട്ടം | ചിലവഴിച്ച തുക |
|---|---|---|---|
| 1 | നെൽകൃഷി വികസനം | 319 ഹെ | 13,11,642.00 |
| 2 | പാരമ്പര്യ നെൽ വിത്ത് സംരക്ഷണം | 5 ഹെ | 50,000.00 |
| 3 | തെങ്ങ് വികസനം | 500 ഹെ | 9634000 |
| 4 | തെങ്ങ് വികസനം | 7 | 334060 |
| 5 | ജൈവകൃഷി വികസനം | 50 ഹെ | 1,60,000.00 |
| 6 | മോഡേണൈസേഷൻ ഓഫ് ലാബ് | | 19,000.00 |

| | | | |
|---|---|---|---|
| 7 | വിള പരിപാലന പദ്ധതി | | 7,77,358.00 |
| 8 | സുഗന്ധവിള വികസന പദ്ധതി | 14 ഹെ | 1,92,500.00 |
| 9 | ആത്മ | | 5,07,902.00 |
| 10 | ആർ കെ വി വൈ നെൽകൃഷി വികസനം | 108.5 ഹെ | 488250 |
| 11 | നാഷണൽ മിഷൻ ഓൺ സസ്റ്റൈന ബിൾ അഗ്രിക്കൾച്ചർ | 103 | 4120 |
| 12 | കാർഷിക യന്ത്രവല്ക്കരണ ഉപ പദ്ധതി | 31 | 1367602 |
| 13 | കൃഷി ശാക്തീകരണം | | 6,29,860.00 |
| 14 | വിള ഇൻഷൂറൻസ് | 47 പേർ | 2,40,650.00 |
| 15 | പയറു-കിഴങ്ങുവർഗ്ഗ കൃഷി വികസന പദ്ധതി | 30 ഹെ | 4,25,000.00 |
| 16 | അഗ്രോ സർവീസ് സെന്റർ & സർവീസ് ഡെലിവറി | | 4,52,919.00 |
| 17 | കർഷക പെൻഷൻ | | 8,08,90,800.00 |
| 18 | സൗജന്യ വൈദ്യുതി | 1075 പേർ | 1,94,753.00 |
| 19 | പച്ചക്കറി വികസനം | | 45,51,062.00 |
| 20 | ആത്മ (എസ് സി) | | 75,000.00 |
| 21 | ആർ കെ വി വൈ നെൽകൃഷി വികസനം | 147.152 ഹെ | 6,62,184.00 |
| 22 | ആത്മ (എസ് സി) നാഷണൽ മിഷൻ ഓൺ സസ്റ്റൈനബിൾ അഗ്രിക്കൾച്ചർ | 0.8 ഹെ | 2,000.00 |
| 23 | ആത്മ (എസ് ടി) നാഷണൽ മിഷൻ ഓൺ സസ്റ്റൈനബിൾ അഗ്രിക്കൾച്ചർ | 50 സാമ്പിൾ | 2,000.00 |
| 24 | മണ്ണ്-വിള ആരോഗ്യ പരിപാലനം | 100 ഹെ | 76,500.00 |
| 25 | പ്രകൃതിക്ഷോഭം | | 8822283 |
| 26 | ഓണസമൃദ്ധി | | 5,40,000.00 |
| 27 | ബയോഗ്യാസ് വികസന പദ്ധതി | 29 എണ്ണം | 3,32,200.00 |
| 28 | അഗ്രോ സർവീസ് സെന്റർ | 1 | 6,90,000.00 |
| 29 | പരമ്പരാഗത കൃഷി വികാസ് യോജന | 119 | 413624 |
| 30 | നെല്ല് ഉൽപാദന ബോണസ് | 307.5 ഹെ | 307500 |

**2019-20**

1) പച്ചക്കറി വികസന പദ്ധതി
2) SHM പദ്ധതി (വാഴകൃഷി, ടിഷ്യുകൾച്ചർ, കുരുമുളക് കൃഷി, പൈനാപ്പിൾ കൃഷി, പോളിഹൌസ് നിർമ്മാണം)
3) CDB പദ്ധതികൾ
4) കരനെൽകൃഷി
5) സുസ്ഥിര നെൽകൃഷി വികസനം
6) തരിശുനില കൃഷി
7) പാടശേഖരങ്ങൾക്ക് ധനസഹായം
8) സുഗന്ധവിള കൃഷി വികസനം
9) കേരഗ്രാമം
10) ബയോഗ്യാസ് വികസന പദ്ധതി
11) ജീവാണുവള നിർമ്മാണ യൂണിറ്റ്
12) കർഷകപെൻഷൻ
13) വിള ഇൻഷുറൻസ് പദ്ധതികൾ
14) മണ്ണ്, വിള ആരോഗ്യ വിള പരിപാലനം,
15) ജൈവ കൃഷി വികസനം

2019-20 വർഷത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ പുരോഗമിച്ചു വരുന്നു.

Mayal

**സെക്ഷൻ ഓഫീസർ**